**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 634** **24-06-2026-ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി അനുവദിച്ച തുക**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീമതി കെ. കെ. രമ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ
വകുപ്പ് മന്ത്രി)

**(എ)** 2016-21, 2021-26സർക്കാരുകളുടെ കാലയളവിൽ പട്ടികജാതി ഉപപദ്ധതി (എസ്.സി.എസ്.പി), പട്ടികവർഗ്ഗ ഉപപദ്ധതി (ടി.എസ്.പി) എന്നിവയ്ക്കായി ഓരോ സാമ്പത്തിക വർഷവും ബജറ്റിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും വർഷം തിരിച്ച് ലഭ്യമാക്കാമോ;

**മറുപടി:** 2016-21, 2021-26 സർക്കാരുകളുടെ കാലയളവിൽ പട്ടികജാതി ഉപപദ്ധതിയ്ക്കായി (എസ്.സി.എസ്.പി) ഓരോ സാമ്പത്തിക വർഷവും ബജറ്റിൽ വകയിരുത്തിയ തുക ചെലവഴിച്ച തുക എന്നിവയുടെ വർഷം തിരിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| 2016-17 | 2354.40 | 1842.21 |
| 2017-18 | 2599.65 | 2205.12 |
| 2018-19 | 2859.62 | 2225.09 |
| 2019-20 | 3002.84 | 1490.26 |
| 2020-21 | 2708.54 | 2439.25 |
| 2021-22 | 2708.54 | 2349.82 |
| 2022-23 | 2979.40 | 2422.65 |
| 2023-24 | 2979.40 | 2192.86 |
| 2024-25 | 2979.40 | 2486.87 |
| 2025-26 | 3188.25 | 2114.48 |

2016-17 മുതൽ 2020-21 വരെയും 2021-22 മുതൽ 2025-26 വരെയുമുള്ള കാലയളവിൽ പട്ടികവർഗ്ഗ ഉപപദ്ധതി (ടി . എസ് . പി ) യിൽ ഉൾപ്പെടുത്തി ബജറ്റിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

(രൂപ ലക്ഷം)

| വർഷം | ബഡ്ജറ്റ് വിഹിതം | ചെലവഴിച്ച തുക |
|---|---|---|
| 2016-17 | 49637.71 | 47014.95 |
| 2017-18 | 54018.02 | 47349.39 |
| 2018-19 | 48690.00 | 47527.68 |
| 2019-20 | 62488.00 | 39105.42 |
| 2020-21 | 58098.00 | 55462.23 |

| വർഷം | ബഡ്ജറ്റ് വിഹിതം | ചെലവഴിച്ച തുക |
|---|---|---|
| 2021-22 | 58328.00 | 55083.66 |
| 2022-23 | 64297.00 | 57552.39 |
| 2023-24 | 64271.75 | 38343.94 |
| 2024-25 | 65400.59 | 45481.32 |
| 2025-26 | 76507.74 | 48847.06 |

**(ബി)** പ്രസ്തുത കാലയളവിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി അനുവദിച്ച ഫണ്ടിൽ നിന്ന് മറ്റ് ആവശ്യങ്ങൾക്കായി തുക വകമാറ്റിയിട്ടുണ്ടോ; എങ്കിൽ വർഷം, തുക, ആവശ്യത്തിന്റെ സ്വഭാവം എന്നിവ വ്യക്തമാക്കുമോ;

**മറുപടി:** പ്രസ്തുത കാലയളവിൽ പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തിനായി അനുവദിച്ച ഫണ്ടിൽ നിന്ന് മറ്റ് ആവശ്യങ്ങൾക്കായി തുക വകമാറ്റിയിട്ടില്ല.

2016-17 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ പട്ടികവർഗ്ഗ ഉപപദ്ധതി (ടി . എസ് . പി) യിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി അനുവദിച്ചിട്ടുള്ള ഫണ്ടുകൾ പട്ടികവർഗ്ഗ വികസന വകുപ്പ് മറ്റ് ആവശ്യങ്ങൾക്കായി വകമാറ്റിയിട്ടില്ല.

**(സി)** ഈ കാലയളവിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ബജറ്റിൽ അനുവദിച്ച ഫണ്ടിൽ ഗണ്യമായ തുക ഓരോ വർഷവും ചെലവഴിക്കാതെ ലാപ്സായതായോ ട്രഷറി നിയന്ത്രണങ്ങൾ മൂലം തടസ്സപ്പെട്ടതായോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

**മറുപടി:** ഈ കാലയളവിൽ പട്ടികജാതി വിഭാഗങ്ങൾക്കായി ബജറ്റിൽ അനുവദിച്ച ഫണ്ടിൽ ഗണ്യമായ തുക ഓരോ വർഷവും ചെലവഴിക്കാതെ ലാപ്സായതായോ ട്രഷറി നിയന്ത്രണങ്ങൾ മൂലം തടസ്സപ്പെട്ടതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പട്ടികവർഗ്ഗ ക്ഷേമത്തിനായി ബജറ്റിൽ അനുവദിക്കുന്ന ഫണ്ടുകൾ പദ്ധതി നിർവഹണ പുരോഗതിയുടെ അടിസ്ഥാനത്തിൽ ചെലവഴിച്ച് വരുന്നു. 2018, 2019 വർഷത്തിൽ സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള പ്രളയക്കെടുതി, കോവിഡ് മഹാമാരി, വയനാട് ദുരന്തം എന്നിവ മൂലം പൊതുസാമ്പത്തിക സാഹചര്യങ്ങളിൽ ഉണ്ടായ ധനപരമായ ട്രഷറി നിയന്ത്രണങ്ങൾ കാരണം ഫണ്ട് അനുവദിക്കുന്നതിന് കാലതാമസം ഉണ്ടാകുകയും പദ്ധതികൾ നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിച്ച് തുക പൂർണ്ണമായും ചെലവഴിക്കുവാൻ സാധിക്കാതെ വരികയും ചെയ്തിട്ടുണ്ട്. എന്നാൽ ഏറ്റെടുത്ത എല്ലാ പദ്ധതികളും തുടർ പദ്ധതിയായി പൂർത്തീകരിക്കുന്നുണ്ട്.

**(ഡി)** ഈ കാലയളവിൽ പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവ മുഖേന നടപ്പാക്കേണ്ടിയിരുന്ന ഏതെല്ലാം പദ്ധതികളാണ് ഫണ്ടിന്റെ അപര്യാപ്തത മൂലം പൂർണ്ണമായി നടപ്പാക്കാൻ സാധിക്കാത്തത് ; പദ്ധതി, തുക, വർഷം എന്നിവ തിരിച്ച് വിവരം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** പരിശോധിച്ച് വരുന്നു.

**(ഇ)** പ്രസ്തുത കാലയളവിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസം, ഭവനനിർമ്മാണം, തൊഴിൽ, സ്വയംതൊഴിൽ, ആരോഗ്യ സംരക്ഷണം തുടങ്ങിയ മേഖലകളിലെ പദ്ധതികൾക്കുള്ള ഫണ്ട് വിഹിതം കുറച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയും വർഷവും തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

**<u>മറുപടി:</u>** പ്രസ്തുത കാലയളവിൽ ചില വർഷങ്ങളിൽ പട്ടികജാതി വിഭാഗങ്ങളുടെ വിദ്യാഭ്യാസം, ഭവനനിർമ്മാണം, തൊഴിൽ, സ്വയംതൊഴിൽ, ആരോഗ്യ സംരക്ഷണം തുടങ്ങിയ മേഖലകളിലെ പദ്ധതികൾക്കുള്ള ഫണ്ട് വിഹിതത്തെകുറിച്ചുള്ള വിശദാംശം അനുബന്ധം (1) ആയി ചേർക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന

i) 2018-19 സാമ്പത്തിക വർഷത്തിൽ കേരളം അഭിമുഖീകരിച്ച പ്രളയക്കെടുതിയിൽ സംസ്ഥാനത്തെ പുനഃനിർമ്മിക്കുന്നതിന്റെ ഭാഗമായി സർക്കാർ ഉത്തരവ് (ആർ.റ്റി) നം.115/2019/പജപവവിവ തീയതി 28/01/2019 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വിഹിതം ഒഴികെയുള്ള പട്ടികവർഗ്ഗ ഉപപദ്ധതി സംസ്ഥാന വിഹിതമായ 632.58 കോടി രൂപയിൽ നിന്നും 16 പദ്ധതികളിലായി സേവിംഗ്സ് കണ്ടെത്തി ആകെ പദ്ധതി വിഹിതത്തിന്റെ 20% തുകയായ 126.50 കോടി രൂപ പ്ലാൻ ഫണ്ടിൽ കുറവ് വരുത്തിയിട്ടുണ്ട്. പദ്ധതി വിവരം അനുബന്ധം (2) ആയി ഉള്ളടക്കം ചെയ്യുന്നു.

ii) 2024-25 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആകെ സംസ്ഥാന പദ്ധതി വിഹിതം 65400.05 ലക്ഷം രൂപ ആയിരുന്നു. ആയതിൽ ചട്ടം 300 പ്രകാരം ഉൾപ്പെട്ടിരുന്ന രണ്ട് പദ്ധതികൾ ഒഴിവാക്കിയതിനെ തുടർന്ന്, ആകെ പദ്ധതി വിഹിതം 50200.05 ലക്ഷമായി വകയിരുത്തിയിരുന്നു. പ്രസ്തുത 50200.05 ലക്ഷം രൂപയിൽ നിന്ന് 27 പദ്ധതികളിലായി 11176.00 ലക്ഷം രൂപ കുറവ് വരുത്തുകയും, നടപ്പ് വർഷത്തെ മുൻഗണനാക്രമം പരിഗണിച്ച് ശേഷിക്കുന്ന 39024.05 ലക്ഷം രൂപയ്ക്ക് പുതുക്കിയ ബജറ്റ് വിഹിതം അനുവദിക്കുകയും ചെയ്തു. ഇതു സംബന്ധിച്ച് 22.01.2025 -ലെ സ.ഉ.(സാധാ)നം..41/2025/SCSTDD പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. വിവരം അനുബന്ധം (3) ആയി ഉള്ളടക്കം ചെയ്യുന്നു.

**സെക്ഷൻ ഓഫീസർ**

# അനുബന്ധം - I

**(തുക കോടിയിൽ)**

| വർഷം | വിഹിതത്തിലെ മാറ്റം |
|---|---|
| വിദ്യാഭ്യാസം:- (വിദ്യാഭ്യാസ സഹായം, MRS കളുടെ നടത്തിപ്പ്, പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്കുള്ള അധിക ധനസഹായം, പ്രീമെട്രിക് സ്കോളർഷിപ്പ്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് എന്നീ പദ്ധതികൾ ഉൾപ്പെടുന്നു. | |
| 2019-20 | (-) 118.78 [435.49 കോടി രൂപയിൽ നിന്ന് 316.71 കോടി രൂപയായി) |
| ഭവനനിർമ്മാണം :- (ഭവനനിർമ്മാണം, ഭവനനവീകരണം, പഠനമുറികളുടെ നിർമ്മാണം, ലൈഫ് മിഷൻ മുഖേനയുള്ള ഭവനനിർമ്മാണം എന്നീ പദ്ധതികൾ ഉൾപ്പെടുന്നു) | |
| 2018-19 | (-) 120<br>[500 കോടി രൂപയിൽ നിന്ന് 380 കോടി രൂപയായി ] |
| 2020-21 | (-) 100<br>[600 കോടി രൂപയിൽ നിന്ന് 500 കോടി രൂപയായി ] |
| തൊഴിലും നൈപുണ്യവും (വിദേശതൊഴിൽ, സ്വയംതൊഴിൽ, TRACE, നൈപുണ്യ പരിശീലനം തുടങ്ങിയ പരിപാടികൾ ഉൾപ്പെടുന്നു. | |
| 2019-20 | (-) 5<br>[43 കോടി രൂപയിൽ നിന്ന് 38 കോടി രൂപയായി] |
| 2022-23 | (-) 1<br>[50 കോടി രൂപയിൽ നിന്ന് 49 കോടി രൂപയായി] |
| ആരോഗ്യം (ആരോഗ്യ സംരക്ഷണ പരിപാടി, വാത്സല്യനിധി തുടങ്ങിയ പദ്ധതികൾ ഉൾപ്പെടുന്നു) | |
| 2020-21 | (-) 9<br>[71 കോടി രൂപയിൽ നിന്ന് 62 കോടി രൂപയായി] |
| 2023-24 | (-) 2<br>[65 കോടി രൂപയിൽ നിന്ന് 63 കോടി രൂപയായി ] |
| 2025-26 | (-) 9.99<br>[75 കോടി രൂപയിൽ നിന്ന് 65.01 കോടി രൂപയായി ] |

അനുബന്ധം 2

## Details of State Plan Schemes -Plan cut amount during 2018-19 (Rs lakh)

| Sl no. | Scheme | Head of Account | Budget Provision | Amount of plan cut | Remaining Amount after plan cut |
|---|---|---|---|---|---|
| A | **STATE PLAN SCHEMES** | | | | |
| | Incentive and Assistance to students | | | | |
| 1 | i) Special Incentive to Brilliant students | 2225-02-277-40 (01) | 117.00 | 27.00 | 90.00 |
| | (iii) Asst to study tour to schools & college going students | 2225-02-277-40 (03) | 82.00 | 12.00 | 70.00 |
| 2 | Wayanad Gothra Bhasha Kala padana Kendra | 2225-02-277-32 | 10.00 | 2.00 | 8.00 |
| | (i) Tribal Promoters | 2225-02-102-89(01) | 1496.00 | 90.00 | 1406.00 |
| 3 | ii) Organisation of Oorukoottams | 2225-02-102-89(02) | 88.00 | 18.00 | 70.00 |
| | iv) Honorarium to Counsellers engaged in the Hostels and MRS | 2225-02-102-89(04) | 108.00 | 12.00 | 96.00 |
| 4 | Publicity Wing/Information, Education and Communication [I.E.C. Project] | 2225-02-277-39 | 275.00 | 50.00 | 225.00 |
| 5 | v) Engaging social workers in Tribal Welfare | 2225-02-102-89(05) | 137.00 | 17.00 | 120.00 |
| 6 | Special Programme for Adiya, Paniyas Primitive Tribal Groups and Tribes living in Forest<br>i) Adiyas, Paniyas and the primitive Tribal Groups<br>ii)Tribes Living in Forest<br>iii) Destitute Homes | 2225-02-102-86 | 600.00 | 286.00 | 314.00 |
| 7 | Critical Gap filling Schemes [Corpus Fund] under TSP | 2225-02-102-93 | 5600.00 | 1100.00 | 4500.00 |
| 8 | Ambedkar Settlement Development Scheme | 2225-02-102-85 | 11000.00 | 5000.00 | 6000.00 |
| | P.K.Kalan - Family Benefit Scheme( Budget Speech 2016-17) New Scheme | 2225-02-102-77 | | | |
| 9 | Resettlement of Landless tribals (TRDM) | 2225-02-283-90 | 5500.00 | 2500.00 | 3000.00 |
| 10 | Pooled funds for special projects proposed by other Depts under TSP | 2225-02-102-90 | 1000.00 | 500.00 | 500.00 |
| 11 | Modernisation of Tribal Development Department | 2225-02-001-97 | 300.00 | 50.00 | 250.00 |

| Sl no. | Scheme | Head of Account | Budget Provision | Amount of plan cut | Remaining Amount after plan cut |
|---|---|---|---|---|---|
| 12 | Assistance for Self Employment and skill Development training to ST youths | 2225-02-277-42 | 550.00 | 100.00 | 450.00 |
| 13 | Implementation of Kerala State Restriction of Transfer of Lands and Restoration of Alienated Land Act 1999 | 2225-02-800-66 | 50.00 | 50.00 | 0.00 |
| 14 | Post matric scholarship (25% SS) as per GOI norms | 2225-02-277-32 | 1333.00 | 208.00 | 1125.00 |
| 15 | PMAY [Block Panchayat] (40%SS) | 2225-02-197-48 | 2112.00 | 1800.00 | 312.00 |
| 16 | SGSY / NRLM [Block Panchayat] (40% SS) | | 1339.00 | 828.00 | 511.00 |
| | **Total** | | **31697.00** | **12650.00** | **19047.00** |

| Abstract | |
|---|---|
| Total State Plan (including State share of css 25%, 40% ) | 63258.99 |
| Plan cut amount | 12650.00 |
| % of plan cut | 20.00 |

അനുബന്ധം 3

| Scheduled Tribes Development Department | | | |
|---|---|---|---|
| Financial year -2024-25 | | | |
| Sl No | Scheme Name | Total Outlay (in Lakhs) | Amount can be Reduced (in Lakhs) |
| 1 | IEC Project (Information, Education and Communication - Publicity Wing )-XXV-2225-02-277-39 | 300.00 | 100.00 |
| 2 | Modernisation of Tribal Development Department-XXV-2225-02-001-97 | 240.00 | 40.00 |
| 3 | Implementation of Kerala State Restriction of Transfer of Lands and Restoration of Alinated Land act-XXV-2225-02-800-66 | 1.00 | 1.00 |
| 4 | Improving facilities in Tribal Hostels-4225-2-277-43(0) | 50.00 | 50.00 |
| 5 | Food Support Programme-XXV-2225-02-102-92 | 2500.00 | 500.00 |
| 6 | Resettlement of Landless Tribals-XXV-2225-02-283-90 | 4200.00 | 2000.00 |
| 7 | Assistance for Self employment and Skill Development training to ST youths-XXV-2225-02-277-42 | 900.00 | 390.00 |
| 8 | CRITICAL GAP FILLING SCHEME(CORPUS FUND)-XXV-2225-02-102-93 | 4000.00 | 1000.00 |
| 9 | ASSISTANCE TO TRIBAL WELFARE INSTITUTIONS-XXV-2225-02-102-91 | 250.00 | 100.00 |
| 10 | ORGANIZATION OF ORUKOOTTAMS-XXV-2225-02-102-89 (2) | 250.00 | 150.00 |

| Sl No | Scheme Name | Total Outlay (in Lakhs) | Amount can be Reduced (in Lakhs) |
|---|---|---|---|
| 11 | SPECIAL INCENTIVE TO BRILLIANT STUDENTS-XXV-2225-02-277-40 (1) | 115.00 | 20.00 |
| 12 | AYYANKALI MEMORIAL TALENT SEARCH AND DEVELOPMENT-XXV-2225-02-277-40 (2) | 85.00 | 25.00 |
| 13 | SUPPLY OF LAPTOP TO STUDENTS-XXV-2225-02-277-40 (6) | 450.00 | 200.00 |
| 14 | HOUSE TO HOUSELESS-XXV-2225-02-283-89 | 7000.00 | 1700.00 |
| 15 | Financial Assistance to Traditional Tribal Healers-XXV-2225-02-277-36 | 40.00 | 10.00 |
| 16 | Integrated Sustainable Development of Scheduled Tribe Population in Identified Locations/Settlements (ATSP Fund/Special Package)-XXV-2225-02- | 4000.00 | 2800.00 |
| 17 | WAYANAD GOTHRA BHASHA KALA PADANA KENDRA-XXV-2225-02-277-32 | 4.00 | 4.00 |
| 18 | GOTHRA VALSALYA NIDHI-XXV-2225-02-102-76 | 50.00 | 50.00 |
| 19 | GOTHRA BANDHU-XXV-2225-02-102-89 (06) | 600.00 | 86.00 |
| 20 | CONSTRUCTION OF MODEL RESIDENTIAL/ASHRAM SCHOOLS/EKALAVYA MODEL RESIDENTIAL SCHOOLS/PREMATRIC | 500.00 | 500.00 |
| 21 | Agriculture Income Initiative for Scheduled Tribes-XXV-2225-02-102-74 | 850.00 | 300.00 |

| Sl No | Scheme Name | Total Outlay (in Lakhs) | Amount can be Reduced (in Lakhs) |
|---|---|---|---|
| 22 | Kerala Tribal Plus (Additional Wage Employment under MGNREGS)-XXV-2225-02-102-72 | 3500.00 | 400.00 |
| 23 | Edamalakkudi Comprehensive Development Package-XXV-2225-02-102-71 | 300.00 | 200.00 |
| 24 | Edamalakkudi Comprehensive Development Package-XXV-4225-02-102-96 | 200.00 | 100.00 |
| 25 | UNNATHI- Entrepreneurship development programme and start-ups-[XXV] 2225-02-102-68 | 200.00 | 200.00 |
| 26 | WINGS ( Skill development programme inAviation field)-[XXV] 2225-02-277-24 | 200.00 | 100.00 |
| 27 | Livelihood for tribl settlements Scheme | 200.05 | 150.00 |
| **Total** | | **30985.05** | **11176.00** |